## ബൂത്ത് ലെവൽ ഓഫീസർ

# ഇ-പത്രിക




Volume 2, Nov 2022



സന്ദേശം

*രാജീവ് കുമാർ,*
*ചീഫ് ഇലക്ഷൻ കമ്മീഷണർ ഓഫ് ഇന്ത്യ*

"कमीशन के रूप में आप साकार हैं,
कमीशन का आप व्यवहार है।
आप कमीशन के दृष्टि और स्वर भी हैं,
इसलिए आप सबको अत्यंत आभार है।"

ഒരു ബൂത്ത് ലെവൽ ഓഫീസറിലൂടെ ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ പെരുമാറ്റം മനസ്സിലാക്കാൻ വോട്ടർക്ക് സാധിക്കുന്നതാണ്. ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ യഥാർത്ഥ പ്രാതിനിധ്യമാണ് ബിഎൽഒമാർ. അതിനാൽ, പൗരന്മാരുമായി വിശ്വസനീയമായ ബന്ധം കെട്ടിപ്പടുക്കേണ്ടത് വളരെ പ്രാധാന്യമാണ്.

(Rajiv Kumar)



സന്ദേശം

*അനൂപ് ചന്ദ്ര പാണ്ഡെ*
*ഇലക്ഷൻ കമ്മീഷണർ ഓഫ് ഇന്ത്യ*

എല്ലാ ബൂത്ത് ലെവൽ ഓഫീസർമാരെയും കാര്യക്ഷമവും നൂതനവുമായ സമീപനത്തിലേക്ക് പ്രചോദിപ്പിക്കുകയാണ് ബി എൽ ഓ ഇപത്രിക ലക്ഷ്യമിടുന്നത്. ഞങ്ങളുടെ ഗ്രാസ് റൂട്ട് തൊഴിലാളികളുടെ കാര്യക്ഷമത ഉറപ്പാക്കാൻ ബി എൽ ഓ ട്രയാംഗിൾ എന്നും അറിയപ്പെടുന്ന മൂന്ന് പോയിന്റ് മാതൃക മനസ്സിൽ സൂക്ഷിക്കാം ആദ്യം, ബി എൽ ഓ എവിടെയാണ് താമസിക്കുന്നത്? രണ്ടാമതായി, ബി എൽ ഓ എവിടെയാണ് പ്രവർത്തിക്കുന്നത്? മൂന്നാമതായി, ബി.എൽ.ഒ.ക്ക് തിരഞ്ഞെടുപ്പ് ജോലിക്കായി ഏൽപ്പിച്ചിരിക്കുന്ന മേഖല ഏതാണ്.

ഗ്രൗണ്ടിൽ പരമാവധി കാര്യക്ഷമത ലഭിക്കാൻ ഇവ മൂന്നും ബന്ധിപ്പിക്കാം.

(Anup Chandra Pandey)


## Editorial Committee

N.N. Butolia
Senior Principal Secretary
(Electoral roll)

Ashok Kumar
Director (IT)

Kuldeep Kumar Saharawat
Director (Training),
IIIDEM

S. Sundar Rajan
Director (EVM)

Deepali Masirkar
Director
(Election Planning)

Santosh Ajmera
Director (SVEEP)
Member Convenor

## Editorial Team

R K Singh
Coordinator SVEEP

Anuj Chandak
Joint Director (SVEEP)

Noopur Praveen
Communication Consultant

Esha Khan
Graphic Designer


Click on the text to see the video.

# ബിൽഓ ഇ-പത്രികയുടെ*
# പ്രകാശനത്തിന്റെ ദൃശ്യങ്ങൾ









1. 350-ലധികം ബിൽഓ മാർ വിവിധ സംസ്ഥാനങ്ങളിലെ/ കേന്ദ്ര ഭരണ പ്രദേശങ്ങളിലെ ചീഫ് ഇലക്ട്‌റൽ ഓഫീസർമാരുടെ ഓഫീസിൽ നിന്ന് വീഡിയോ കോൺഫറൻസ് വഴിയും, രാജസ്ഥാൻ, ഉത്തർ പ്രദേശ്, ഡൽഹി എന്നിവടങ്ങളിൽ നിന്നുള്ള 150-ബിൽഓ മാർ നേരിട്ടും 2022 സെപ്റ്റംബർ 14 ന് ന്യൂ ഡൽഹിയിലെ ഇന്ത്യ ഹാബിറ്റാറ് സെന്ററിൽ വെച്ച് നടന്ന പ്രകാശന ചടങ്ങിൽ പങ്കെടുത്തു

2. ചടങ്ങിന്റെ ദൃശ്യങ്ങൾ ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ന്റെ യൂട്യൂബ് ചാനലിൽ തത്സമയ സംപ്രേഷണം ചെയ്യുകയും പങ്കാളിത്തം സുഗമമാക്കുന്നതിന് വേണ്ടി 10 ലക്ഷത്തിലധികം ബിൽഓ മാരുമായി പങ്കിടുകയും ചെയ്തു

3. പ്രകാശന ചടങ്ങ് നടക്കുന്ന വേളയിൽ, ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ന്റെ യൂട്യൂബ് ചാനൽ 25,000-ലധികം സബ്‌സ്‌ക്രൈബേർമാരെ നേടുകയും 2.4 ലക്ഷത്തിലധികം കാഴ്ചകൾ ലഭിക്കുകയും ചെയ്തു.

4. രാജ്യത്തുടനീളമുള്ള ബിൽഓ മാരുമായി ഇലക്ഷന് കമ്മീഷൻ ന്റെ ഇത്തരത്തിൽ നേരിട്ടുള്ള ആദ്യത്തെ സംവാദനമാണിത്












*Click to see the video.

# ദേശീയ സമ്മതിദായക ദിനത്തോടനുബന്ധിച്ചു ബൂത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ

1950 ജനുവരി 25 ന് സ്ഥാപിതമായ ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷന്റെ സ്ഥാപക ദിനം പ്രമാണിച്ചു, 2011 മുതൽ എല്ലാ വർഷവും ജനുവരി 25 ന് രാജ്യത്തുടനീളം ദേശീയ സമ്മതിദായക ദിനം ആഘോഷിക്കുന്നു. ദേശിയ സമ്മതിദായക ദിനാചരണത്തിന്റെ പ്രധാന ലക്ഷ്യം പരമാവധി സമ്മതിദായകരെ, പ്രത്യേകിച്ച് പുതിയ സമ്മതിദായകരെ പ്രോത്സാഹിപ്പിക്കുകയും അവരുടെ കൂട്ടിച്ചേർക്കൽ സുഗമമാക്കുകയും ചെയ്യുക എന്നതാണ്.

## ബൂത്ത് ലെവൽ ഓഫീസർമാർക്കുള്ള ദേശീയ സമ്മതിദായക ദിനത്തിന്റെ ചെക്ക് ലിസ്റ്റ്

1. പോളിംഗ് സ്റ്റേഷനിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
2. ക്വിസുകൾ, ഉപന്യാസ രചന, സംവാദം, ചിത്രകലാ മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.
3. EPIC കാർഡുകൾ വിതരണം ചെയ്യുക
4. ദേശീയ സമ്മതിദായക ദിന പ്രതിജ്ഞ നൽകുക
5. പുതിയ സമ്മതിദായകരെ കണ്ടെത്തുകയും അവരെ വോട്ടർ പട്ടികയിൽ ചേർപ്പിക്കുകയും ചെയ്യുക

## ബിൽഓ മാർക്കുള്ള ഓർമ്മപ്പെടുത്തലുകൾ

1. നിലവിലുള്ള വോട്ടർ പട്ടികയിലെ തിരുത്തലുകൾ, വോട്ടർ ഐഡി കാർഡ് മാറ്റൽ, PWD വോട്ടർമാരെ മാർക്ക് ചെയ്യൽ എന്നിവയ്ക്കു ഫോറം 8 വിതരണം ചെയ്യുക.
2. മണ്ഡലത്തിലേക്ക് മാറി വന്ന സമ്മതിദായകരെ വോട്ടർ പട്ടികയിലേക്ക് ഉൾപ്പെടുത്തുന്നതിനായി ഫോം 8 നൽകുക.
3. മരിച്ചവർ/ സ്ഥലം മാറി വന്നവർ/ ഡ്യൂപ്ലിക്കേറ്റ് വോട്ടർമാർ എന്നിവരെ വോട്ടർ പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതിനായി തിരിച്ചറിയുക.
4. ഫീൽഡ് പരിശോധന നടത്തി ERO /AERO യ്ക്കു റിപ്പോർട്ട് നൽകൽ.
5. വോട്ടർ സ്ലിപ് വിതരണം ചെയ്യലും പോളിങ് ദിവസം സഹായം ചെയ്യുകയും ചെയ്യുക.
6. ഗരുഡ അപ്ലിക്കേഷന്റെ ഉപയോഗം കൂട്ടുക.

സമ്മതിദായകരും ബിൽഓ മാരുമായുള്ള ബന്ധം അവർ തമ്മിലുള്ള നിരന്തരമായ ഇടപെടൽ കൊണ്ട് മാത്രമേ ശക്തിപ്പെടുകയുള്ളു.

### ബി ൽ ഓ വസ്തുതകൾ

- ഗുജറാത്തിൽ, വോട്ടർ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള PWD വോട്ടർമാരുടെ എണ്ണം 1.68 ലക്ഷത്തിൽ നിന്ന് വർധിച്ചു (ലോക്സഭ തെരഞ്ഞെടുപ്പ് 2019) ഇന്ന് 4.04 ലക്ഷത്തിലേക്ക് എത്തിയിരിക്കുന്നു.
- ബൂത്ത് ലെവൽ ഓഫീസർമാർ അപേക്ഷകരുടെ വീട് സന്ദർശിക്കുന്നതാണ് അവരുടെ പേര് വോട്ടർ പട്ടികയിൽ കൂട്ടിച്ചേർക്കുന്നതിനു പ്രധാന പ്രേരക ഘടകം (57.8 %) എന്ന് ബീഹാറിൽ നടന്ന KAP (Knowl-edge,Attitude Practice ) സർവെ കണ്ടെത്തി.
- അരുണാചൽ പ്രദേശിൽ, തെരഞ്ഞെടുപ്പ് പ്രക്രിയ എല്ലാവര്ക്കും പ്രാപ്യമാക്കുന്നതിനു വേണ്ടി എല്ലാ ബൂത്ത് ലെവൽ ഓഫീസർമാർക്കും ആംഗ്യ ഭാഷയിൽ പരിശീലനം നൽകി






## PwD ആപ്ലിക്കേഷൻ 2 .0 ആരംഭിച്ചു: വൈകല്യമുള്ള വോട്ടർമാരെ ശാക്തീകരിക്കുന്നതിനുള്ള ഒരു ഉപയോഗപ്രദമായ ഉപകരണം

പുതിയ സവിശേഷതകളോട് കൂടിയ PwD ആപ്ലിക്കേഷൻ 2.0 ബഹുമാനപെട്ട തെരഞ്ഞെടുപ്പ് കമ്മീഷൻ 2022 നവംബർ 4 ന് ആരംഭിച്ചു. വൈകല്യമുള്ള വോട്ടർമാർക്ക് എളുപ്പത്തിൽ ഉപയോഗപ്രദമാക്കുക എന്നതാണ് പുതിയ PWD ആപ്പ് 2.0 ന്റെ പ്രധാന ലക്ഷ്യം.

- ഈ മൊബൈൽ ആപ്ലിക്കേഷൻ അന്ധർ, ശ്രവണ വൈകല്യം, മറ്റു വൈകല്യമുള്ളവർ എന്നിവർക്ക് വേണ്ടി പ്രത്യേകം രൂപകൽപന ചെയ്തിട്ടുള്ളതാണ്.
- PwD ഉപയോക്താക്കൾക്ക് ഈ ആപ്പ് ഉപയോഗിച്ച് അവരുടെ വോട്ടർ ഐഡി വിശദാംശങ്ങൾ തിരയാൻ കഴിയുന്നതാണ്.
- വൈകല്യമുള്ള വ്യക്തിയായി സ്വയം അടയാളപ്പെടുത്താനും അതുവഴി ആവശ്യമായ സഹായം അഭ്യർഥിക്കുവാനുമുള്ള സൗകര്യവും ഈ ആപ്ലിക്കേഷൻ നൽകുന്നു.
- ഈ ആപ്ലിക്കേഷൻ ആൻഡ്രോയിഡ്, ഐഒഎസ് പ്ലാറ്റുഫോമുകളിൽ ലഭ്യമാണ്.

### പുതിയ പതിപ്പിൽ ഉൾപ്പെടുന്ന അധിക ഫീച്ചറുകൾ:

- നിങ്ങളുടെ സ്ഥാനാർത്ഥിയെ അറിയുക
- ബൂത്ത് കണ്ടുപിടിക്കൽ
- പരാതി പരിഹാരം/ വിവരങ്ങൾ
- പോളിങ് സ്റ്റേഷനിലെ സൗകര്യങ്ങൾ
- ബൂത്തിൽ സഹായത്തിനു വേണ്ടി അഭ്യർത്ഥിക്കുക
- Pick & Drop സഹായങ്ങൾ
- FAQs
- പ്രാപ്യമായ തെരഞ്ഞെടുപ്പു-കളെക്കുറിച്ചുള്ള ഓഡിയോ /വീഡിയോ

**PwD വോട്ടർമാർക്കിടയിൽ ഈ ആപ്പിന്റെ ഉപയോഗം BLO മാർ പ്രോത്സാഹിപ്പിക്കേണ്ടതാണ്**

## പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ 2023

ബൂത്ത് ലെവൽ ഓഫീസർക്ക് സ്വയം തെളിയിക്കാൻ ഉള്ള ഒരു അവസരം

ഈ വർഷത്തെ പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ പ്രക്രിയ നവംബർ 9 ന് ആരംഭിച്ചു 2022 ഡിസംബർ 8 വരെ തുടരും.

പുതിയ വോട്ടർമാരെ ചേർക്കുകയും, മരണപ്പെട്ട/ മാറ്റപ്പെട്ട വോട്ടർമാരെ ഒഴിവാകുകയും ചെയ്തുകൊണ്ട് കൃത്യമായ വോട്ടർ പട്ടിക തയ്യാറാക്കുന്ന ഒരു പ്രധാന പ്രവർത്തനമാണിത്. പുതിയ അപേക്ഷകളും എതിർപ്പുകളും ഫയൽ ചെയ്യുന്നതിനു, വോട്ടർ ഹെല്പ് ലൈൻ ആപ്പ് അല്ലെങ്കിൽ NVSP.in വഴിയുള്ള ഓൺലൈൻ അപേക്ഷകൾക്ക് മുൻഗണന നൽകണം.

ഗരുഡ ആപ്പ് ഉപയോഗിച്ച് ബി എൽ ഒ പൗരന്മാർക്ക് എല്ലാവിധ തെരഞ്ഞെടുപ്പ് സേവനങ്ങളും നൽകണം.

ഹിമാചൽ പ്രദേശ്, ഗുജറാത്ത്, ജമ്മു & കാശ്മീർ എന്നീ മൂന്നു സംസ്ഥാനങ്ങൾ ഒഴികെ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും വോട്ടർ പട്ടിക പുതുക്കൽ നടക്കുന്നുണ്ട്

ഈ ആർ ഒ 2023 ജനുവരി അഞ്ചിന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും



**Listen to the latest episode of Matdata Junction on Special Summary Revision 2023**

പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ 2022-23 ലക്ഷ്യങ്ങൾ :

1. പുതുതായി യോഗ്യരായ വോട്ടർമാരുടെ എൻറോൾമെന്റ് (01.01.2023ന് മുമ്പ് 18 വയസ് തികഞ്ഞവർ) കൂടാതെ ഭാവി വോട്ടർമാരിൽ നിന്നും അപേക്ഷ മുൻകൂറായും സ്വീകരിക്കുന്നു (02.01.2023 മുതൽ 01.10.2023ന് വരെ 18 വയസ് തികഞ്ഞവർ)

2. ഡിഎസ്ഇ/പിഎസ്ഇകൾ നീക്കം ചെയ്യൽ.

3. ആധാർ ലിങ്കേജ് (ഓപ്ഷണൽ), മൊബൈൽ നമ്പർ/ഫോട്ടോ അപ്ഡേറ്റ് ചെയ്യൽ.

4. എൻട്രികളുടെ തിരുത്തൽ/ഇല്ലാതാക്കൽ.

5. യുവ വോട്ടർമാരുടെ രജിസ്ട്രേഷനായി നാല് യോഗ്യതാ തീയതികളെക്കുറിച്ച് ജനങ്ങളെ അറിയിക്കുക.

6. ഡ്യൂപ്ലിക്കേറ്റ് എൻട്രികൾ, മരിച്ചവരും സ്ഥിരമായി താമസം മാറിയ വോട്ടർമാരെ എല്ലാം നീക്കം ചെയ്തുകൊണ്ട് ഇലക്ടറൽ റോളിന്റെ ശുദ്ധീകരണം

7.യുവാക്കളും സ്ത്രീകളും പാർശ്വവൽക്കരിക്കപ്പെട്ടു സമൂഹത്തിലെ വിഭാഗങ്ങൾ, ട്രാൻസ്ജെൻഡർ സമൂഹം, ഭവനരഹിതരായ വോട്ടർമാർ, പ്രത്യേകിച്ച് ദുർബലരായ ആദിവാസികൾ, ഗ്രൂപ്പുകൾ (PVTGs) & PwDs (അടയാളപ്പെടുത്തൽ) തുടങ്ങിയ എല്ലാ വിഭാഗങ്ങളിലെയും വോട്ടർമാരുടെ രജിസ്ട്രേഷനിലൂടെ ഓരോ ഘട്ടമായി എല്ലാവരെയും ഉൾക്കൊള്ളുന്ന തിരഞ്ഞെടുപ്പിലേക്ക്.

*If BLOs are attentive and vigilant about this responsibility, they can ensure an updated,*

# ഗ്രൗണ്ടിൽ നിന്നുള്ള കഥകൾ

## ധൈര്യത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും അർപ്പണബോധത്തിന്റെയും യഥാർത്ഥ കഥകൾ

### മേഘാലയയുടെ
## സ്പെഷ്യൽ ബി എൽ ഒ



ശ്രീമതി ബാറ്റിമോൻ നോങ്സ്റ്റെംഗ്, കേൾവിശക്തികുറവുള്ള വ്യക്തി സംസ്ഥാനത്തെ ആദ്യത്തെ വികലാംഗർക്ക് വേണ്ടിയുള്ള ബൂത്ത് ലെവൽ ഓഫീസർ ആയി നിയമിതയായി. നോങ്സ്റ്റെങ് മസാർ ഗ്രാമത്തിൽ നിന്നുള്ളയാളാണ്, അവിടെയാണ് സംസ്ഥാനത്തിലെ ശ്രവണ വൈകല്യമുള്ളവരുടെ എണ്ണം കൂടുതൽ ആയുള്ളത്. നോങ്സ്റ്റെംഗ് കൂടുതലും ശ്രവണ വൈകല്യമുള്ളവർക്കും മറ്റു വോട്ടർമാർക്കുമായി കിഴക്കൻ ഖാസിയിലെ ഹിൽസ് ജില്ലയിലെ പൈനുർസ്ല നിയോജക മണ്ഡലത്തിന് കീഴിൽ മസാർ പോളിംഗ് സ്റ്റേഷനിലാണ് ജോലി ചെയ്യുന്നത്



### അത്യാവശ്യസമയത്ത് ഉണ്ടാകുന്ന ഒരു ബി എൽ ഒ യാണ്
## യഥാർത്ഥ ബി എൽ ഒ

അമൃത്സറിലെ കാഴ്ച വൈകല്യമുള്ള 28 കാരിയായ ഹേമയ്ക്ക്2019 ലെ പൊതുതെരഞ്ഞെടുപ്പിന് മുമ്പ് സ്വയം വോട്ടറായി എൻറോൾ ചെയ്യാൻ ആഗ്രഹമുണ്ടായിരുന്നു. കമ്മീഷന്റെ പങ്കാളിത്ത തെരഞ്ഞെടുപ്പുകൾക്കു വേണ്ടിയുള്ള വ്യാപകമായ പ്രചാരണവും SVEEP ഇടപെടലുകളും ഹേമയെ 1950 എന്ന ടോൾ ഫ്രീയിൽ വിളിക്കാൻ സഹായിച്ചു. വിവരങ്ങൾ കൈമാറുക മാത്രമല്ല ചെയ്തത് മറിച്ച് അവൾക്ക് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തു. ബിഎൽഒ അവളുടെ വസതിയിൽ എത്തി അവളെ അപേക്ഷ 6 സമർപ്പിക്കാൻ സഹായിച്ചു. കൃത്യസമയത്ത് അവൾക്ക് വോട്ടർ ഐഡി ലഭിക്കുകയും,പോളിംഗ് ദിവസം, പിക്ക് ആൻഡ് ഡ്രോപ്പ് സൗകര്യവും നൽകുകയുണ്ടായി.

## സമർപ്പണത്തിന്റെയും പ്രതിബദ്ധതയുടെയും അഭിമാനത്തിന്റെയും കഥകൾ

**ഹിമാചൽ പ്രദേശ്**

**ഒരേ ലക്ഷ്യം : എല്ലാവർക്കും പ്രാപ്യമായ തിരഞ്ഞെടുപ്പ്**

80 വയസ്സുള്ള ശ്രീമതി. അനിതാ ദേവി, സോളൻ ജില്ലയിലെ തഹസിൽ നലഗറിൽ വരുന്ന ഖേര ഗ്രാമത്തിലെ സ്ഥിര താമസക്കാരിയാണ്. ശാരീരിക വൈകല്യങ്ങൾ മൂലം വളരെ ദുർബല ആയിരുന്നു അവർ. അനിതാ ദേവിയുടെ താമസസ്ഥലത്ത് നിന്നും 3 കി മി അകലെയായിരുന്നു നലഗഢ് അസംബ്ലിയിൽ ഉൾപ്പെടുന്ന നാനോവൽ 51 പോളിങ് സ്റ്റേഷൻ. വോട്ടെടുപ്പ് ദിവസം, അതായത് 2019 മെയ് 19, ഖേര നാനോവലിൽ നിന്നുള്ള ബി.എൽ.ഒ. പ്രസ്തുത സ്ത്രീ തന്റെ ആരോഗ്യക്കുറവും ഗതാഗത മാർഗ്ഗങ്ങളുടെ കുറവും മൂലം വോട്ട് ചെയ്യാൻ സാധിക്കാത്ത കാര്യം മജിസ്ട്രേറ്റ് കം അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ എസ്. പ്രശാന്ത് ഡെസ്റ്റയെ അറിയിച്ചു. തുടർന്ന്, ശ്രീ ഡെസ്റ്റ സ്ത്രീയെ അവരുടെ താമസസ്ഥലത്ത് എത്തി സന്ദർശിക്കാൻ തീരുമാനിക്കുകയും അവളുടെ വോട്ട് രേഖപ്പെടുത്താൻ സഹായിക്കുകയും ചെയ്തു. അവൻ വ്യക്തിപരമായി തന്റെ വാഹനത്തിൽ അവളെ പോളിംഗ് ബൂത്തിലേക്ക് കൊണ്ടുപോവുകയും, വോട്ട് ചെയ്ത ശേഷം തിരികെ താമസസ്ഥലത്ത് എത്തിക്കുകയും ചെയ്തു





# ബാത്തോൻ ബാത്തോൻ മേം

## ബി എൽ ഓ സംസാരിക്കുന്നു

### പേര്   : മീനാക്ഷി ഘട്ടർ
### (ബൂത്ത്: 147 മണ്ഡലം: 13 രോഹിണി, ഡൽഹി)




ഞാൻ വിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്യുന്നു. എന്റെ അധികാരപരിധിയിലുള്ള ആകെ വോട്ടർമാരുടെ എണ്ണം 715. ഇവരിൽ 590 വോട്ടർമാർ ആധാറിനൊപ്പം അവരുടെ വോട്ടർ ഐഡി കാർഡ് ലിങ്ക് ചെയ്തിട്ടുണ്ട്.വോട്ടർ ഐഡി കാർഡ്ആധാർ ലിങ്കേജ് എന്നുള്ളത് ജനങ്ങളെ നിർബന്ധിതരാക്കാതെ ചെയ്യുന്നതിനായി ഞാൻ കാമ്പെയ്ൻ ആരംഭിച്ചപ്പോൾ ജനങ്ങളുടെ ഭാഗത്ത് നിന്നും എല്ലാത്തരം പ്രതികരണങ്ങളും ഉണ്ടായിരുന്നു. ചില വോട്ടർമാർക്ക് കാര്യങ്ങൾ എളുപ്പത്തിൽ ബോധ്യപ്പെട്ടു, എന്നാൽ ഭൂരിഭാഗം പേരും നിരസിക്കുകയാണുണ്ടായത്.

ഈ സമയത്ത്, റസിഡന്റ് വെൽഫെയർ സൊസൈറ്റി (ആർഡബ്ല്യുഎസ്) പോലുള്ള തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ഞാൻ സഹായം തേടുകയും അവരുടെ ഔദ്യോഗിക ണവമമെഅു ഗ്രൂപ്പിൽ എന്നെയും ഉൾപ്പെടുത്താൻ അഭ്യർത്ഥിക്കുകയും ചെയ്തു. വോട്ടർ ഐഡി കാർഡ്ആധാർ ലിങ്കേജ് സംബന്ധിച്ച് ഒറ്റ ക്ലിക്കിലൂടെ നടത്താമെന്നുള്ള സിഇഒ ഡൽഹിയിൽ നിന്ന് അയച്ച എല്ലാ പ്രസക്തമായ വിവരങ്ങളും പങ്കിടാൻ ഇതിലൂടെ എനിക്ക് സാധ്യമായി. ഈ ബന്ധം വോട്ടർപട്ടികയിലെ ഏതെങ്കിലും തരത്തിലുള്ള ഡ്യൂപ്ലിക്കേഷൻ തടയുകയും പട്ടിക ശുദ്ധമാക്കുകയും ചെയ്യുമെന്ന് ഞാൻ എല്ലാ വോട്ടർമാരെയും ധരിപ്പിച്ചു. കൂടാതെ, വിവിധ പോസ്റ്ററുകളും ലഘുലേഖകളും പലയിടങ്ങളിലായി പ്രദർശിപ്പിച്ചു. ഇത് വോട്ടർമാരിൽ നല്ല സ്വാധീനം ചെലുത്തി. എല്ലാ തടസ്സങ്ങളെയും തരണം ചെയ്യാൻ എനിക്ക് കഴിഞ്ഞുവെന്നും സംശയങ്ങൾക്ക് തൃപ്തികരമായി ഉത്തരം നൽകാൻ കഴിഞ്ഞുവെന്നും അറിയിക്കുന്നതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. നല്ലൊരു വിഭാഗം വോട്ടർമാരും തങ്ങളുടെ വോട്ടർ ഐഡി ആധാറുമായി ബന്ധിപ്പിക്കുന്നതിന് ഇത് കാരണമായി.



### പേര് : ജഗദീഷ് പ്രസാദ് വിഷ്ണോയി
### (ബൂത്ത്:91 മണ്ഡലം:139,ബർമർ, രാജസ്ഥാൻ)

*എല്ലാറ്റിനുമുപരിയാണ് മനുഷ്യത്വം: ബി എൽ ഓ വീടുതോറുമുള്ള സർവേ സമയത്ത് മാനിനെ രക്ഷിക്കുന്നു*

സ്കൂൾ സമയം കഴിഞ്ഞുള്ള ചൂടുള്ള ഉച്ചതിരിഞ്ഞ നേരം, ഞാൻ വോട്ടർ ഐഡി കാർഡ്ആധാർ ലിങ്കേജിനു വേണ്ടി വീടുതോറുമുള്ള സർവേ നടത്തുകയായിരുന്നു. പെട്ടെന്ന് ഒരു കൂട്ടം നായ്ക്കൾ ഒരു പെൺമാനിന്റെയും കുഞ്ഞിന്റെയും പുറകെ ഓടുന്നത് ഞാൻ കണ്ടു. പെൺമാനിന് ഗുരുതരമായി പരിക്കേറ്റിരുന്നു അതുകൊണ്ട് തന്നെ കുഞ്ഞ് രക്ഷപ്പെടാൻ പാടുപെടുകയായിരുന്നു. അമിതമായ രക്തസ്രാവം കാരണം, മാൻ സംഭവസ്ഥലത്ത് തന്നെ മരണപ്പെട്ടെങ്കിലും എനിക്ക് കുഞ്ഞിനെ രക്ഷിക്കാൻ സാധിച്ചു. ഞാൻ ആ മാനിനെ ഒരു സ്വകാര്യ വാഹനത്തിൽ അമൃതാദേവി വൈൽഡ് ലൈഫിലേക്ക് കൊണ്ടുപോയി സുരക്ഷയും ശരിയായ ചികിത്സയും ഉറപ്പാക്കി. അപകടത്തിൽ പെടുമ്പോൾ വന്യജീവികളെ സംരക്ഷിക്കുകയും അവയെ രക്ഷിക്കുകയും ചെയ്യുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

മനുഷ്യത്വം എല്ലാറ്റിനും മുകളിലാണ്.

ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ

Election Commission of India



# Matdata Junction

## വോട്ടർ ജംഗ്ഷൻ

ഓരോ വോട്ടറുടെയും സ്വന്തം സ്റ്റേഷൻ

ആഴ്ചതോറുമുള്ള ക്വിസിൽ പങ്കെടുക്കൂ
& ആവേശകരമായ സമ്മാനങ്ങൾ നേടൂ



എല്ലാ വെള്ളിയാഴ്ചയും ഓൾ ഇന്ത്യ റേഡിയോയിലൂടെ കേൾക്കൂ

7:25 PM (FM Gold)
7:45 PM (FM Rainbow)
8:47 PM (Vividh Bharati)